20) നേര്യമംഗലം എക്സ്റ്റൻഷൻ - 25 മെ.വാട്ട്

21) വെസ്റ്റേൺ കല്ലാർ - 5 മെഗാവാട്ട്

22) ആനക്കയം - 8 മെഗാവാട്ട്

23) കുരിയാർകുട്ടി-കാരപ്പാറ - 84 മെഗാവാട്ട്

24) ചൈനീസ് സഹായത്തോടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ രണ്ടാം ഘട്ടം 14 എണ്ണം - 89.75 മെഗാവാട്ട്

കാസർഗോഡ് പവർ കോർപ്പറേഷന്റെ 20 മെഗാവാട്ട് ശേഷിയുള്ള ഡീസൽ നിലയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. 107 മെഗാവാട്ട് ശേഷിയുള്ള ഡി.സി പവറിന്റെ കാസർഗോഡ് താപ വൈദ്യുത നിലയത്തിന് പി.പി.എ. ഒപ്പു വച്ചു. ഇതിനുപുറമേ 500 മെഗാവാട്ടിന്റെ ഒരു താപനിലയം കൊച്ചി എണ്ണ ശുദ്ധീകരണശാലയുടെ ആഭിമുഖ്യത്തിലും നടപ്പിലാക്കുന്നതിനുള്ള ആലോചന നടന്നുവരുന്നു.

(1855) മിച്ച വൈദ്യുതി ഉൽപ്പാദിക്കുവാനുള്ള നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000- മാണ്ടോടെ സംസ്ഥാനത്ത് മിച്ച വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ലക്ഷ്യത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 നവംബർമാസം വരെ കമ്മീഷൻ ചെയ്ത പദ്ധതികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ഉൽപ്പാദനമേഖലയിൽ എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടായിരാമാണ്ടോടെ സംസ്ഥാനത്ത് മിച്ച വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതികൾ താഴെ കൊടുക്കുന്നു.

1) പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ - 16 മെഗാവാട്ട്

2) ലോവർ പെരിയാർ - 180 മെഗാവാട്ട്

3) മാട്ടുപ്പെട്ടി - 2 മെഗാവാട്ട്

4) കക്കാട് - 50 ”

5) കുറ്റ്യാടി എക്സ്റ്റെൻഷൻ - 50”

(പണി പൂർത്തിയായിട്ടില്ല)

6) മലമ്പുഴ - 25 ”

7) അഴുത ഡൈവേർഷൻ - 57 മില്ല്യൻ യൂണിറ്റ്.

8) ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ് - 106.6 മെഗാവാട്ട്

9) കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് - 128 മെഗാവാട്ട്

10) ബി.എസ്.ഇ.എസ്. (സ്വകാര്യ മേഖല) - 157 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

11) കായംകുളം (എൻ.ടി.പി.സി) -350 മെഗാവാട്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 നവംബർ മാസം വരെ കമ്മീഷൻ ചെയ്ത പദ്ധതികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും താഴെ ചേർക്കുന്നു.

1)	ലോവർ പെരിയാർ	-	493 മി.യൂ. പ്രതിവർഷം
2)	മാട്ടുപ്പെട്ടി	-	6.4. മി.യൂ. പ്രതിവർഷം
3)	പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ	-	74 മി.യൂ. പ്രതിവർഷം
4)	കക്കാട്	-	262 മി.യൂ. പ്രതിവർഷം
5)	ബ്രഹ്മപുരം (ഡീസൽ)	-	606 മി.യൂ. പ്രതിവർഷം
6)	കോഴിക്കോട്	-	870 മി.യൂ. പ്രതിവർഷം
7)	കായംകുളം (എൻ.ടി.പി.സി.)	-	2094.5 മി.യൂ. പ്രതിവർഷം
8)	ബി.എസ്. ഇ.എസ് (1 യൂണിറ്റ്) സ്വകാര്യമേഖല	-	283.5 മി.യൂ. പ്രതിവർഷം

(സി) 30.11.99 വരെ ബോർഡിന്റെ ക്യാഷ് ഫ്ളോ അനുസരിച്ച് ഓരോ പദ്ധതിക്കും ചെലവാക്കിയിട്ടുള്ള തുക താഴെ കൊടുക്കുന്നു.

1)	ലോവർ പെരിയാർ	-	350.36 കോടി രൂപ
2)	മാട്ടുപ്പെട്ടി	-	4.45. "
3)	പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ	-	42.18 "
4)	കക്കാട്	-	150.92
5)	ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്	-	471.26 "
6)	കോഴിക്കോട് ഡീസൽ പവർ പ്ലാന്റ്	-	393.04 "

കായംകുളം പ്രോജക്ടിന് എൻ.ടി.പി.സി.1100 കോടി രൂപയും സ്വകാര്യ മേഖലയിലെ വി.എസ്. ഇ.എസ്. താപനിലയത്തിന് 421 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(1896) പ്രോജക്ടുകളുടെ ആധുനികവൽക്കരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പ്രോജക്ടുകളുടെ ആധുനികവൽക്കണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏതെല്ലാം പ്രോജക്ടുകളാണ് ആധുനികവൽക്കരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഇവയുടെ ആധുനികവൽക്കരണത്തിന് എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്; ഏതെല്ലാം മേഖലയിൽനിന്നുമാണ് സാമ്പത്തിക സഹായം ലഭിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly